# ഗ്രാമന്യായാലയ, അമ്പലപ്പുഴ
## ഹാജർ :- ശ്രീ. സുശാന്ത് കൃഷ്ണൻ. ജി, ന്യായാധികാരി
## 2025- മാണ്ട് നവംബർ മാസം 13-)o തീയതി

# CMP 696/2025 IN MC 58/2025

ഹർജിക്കാരി : രാജശ്രീ അനൂപ് , 36 വയസ്,
D/o. ജി.ഗോപിനാഥ പണിക്കർ,
തെക്കേ പൂപ്പള്ളിൽ, കരുമാടി പി.ഒ,
അമ്പലപ്പുഴ താലൂക്ക്, ആലപ്പുഴ
(പ്രതിനിധീകരിക്കുന്നത് അഡ്വ. എസ് സുൽഫിക്കർ)

എതൃകക്ഷി : അനൂപ് റ്റി, 42 വയസ്, S/o. കെ. പി. തോമസ്,
പാർവ്വണം വീട്,
തലവടി കൃഷ്ണപിള്ള ജംഗ്ഷന് സമീപം,
ആര്യാട് തെക്ക് വില്ലേജ്, അമ്പലപ്പുഴ താലൂക്ക്,
ആലപ്പുഴ

2005 ലെ ഗാർഹിക നിയമം 23 വകുപ്പ് പ്രകാരമുള്ള ഈ ഹർജി ഏകപക്ഷിയമായി വാദം കേട്ടതിൽ ഈ കോടതി 13.11.2025 ൽ ടി നിയമത്തിൽ 23(2) വകുപ്പ് പ്രകാരം ഇടക്കാലമായി പുറപ്പെടുവിക്കുന്ന

# ഉത്തരവ്

1. ഹർജിക്കാരി ഭാഗം വാദം കേട്ടു. രേഖകൾ പരിശോധിച്ചു. ഹർജിക്കാരി ഭാഗം വാദം കേട്ടതിൽ വെച്ച് പ്രഥമ ദൃഷ്ട്യാ ഗാർഹിക പീഡനം നടന്നിട്ടുണ്ട് എന്ന് ബോധ്യം വന്നിരിക്കുന്നു. എതൃകക്ഷിക്ക് നോട്ടീസ് അയക്കുന്നതിനുള്ള കാലതാമസം ഈ ഹർജിയുടെ ഉദ്ദേശത്തെ പരാജയപ്പെടുത്തും എന്നതിൽ എതൃകക്ഷിക്കെതിരെ താഴെ പറയും വിധം ഇടക്കാല ഉത്തരവ് ആയിരിക്കുന്നു.

2. ഹർജിക്കാരിയുടെ സമാധാന ജീവിതത്തിന് തടസ്സം ഉണ്ടാക്കുന്നതിൽ നിന്നും ഏതെങ്കിലും തരത്തിലുള്ള ഉപദ്രവമോ ഭീഷണിയോ വാക്കാലോ മാനസികമായോ ശാരീരികമായോ ഉപദ്രവിക്കുന്നതിൽ നിന്നും എതൃകക്ഷിയെ വിലക്കി ഗാർഹിക പീഡന നിയമം 18(a) വകുപ്പ് പ്രകാരം ഉത്തരവായിരിക്കുന്നു.

3. ടി ഉത്തരവ് അമ്പലപ്പുഴ സ്റ്റേഷൻ ഹൗസ് ഓഫീസർക്ക് അയച്ച് കൊടുക്കേണ്ടതും ടിയാൻ ഈ ഉത്തരവ് നടപ്പിലാക്കാൻ വേണ്ട നടപടികൾ സ്വീകരിക്കേണ്ടതും ആണ്.

*(ഇപ്രകാരം ഞാൻ പറഞ്ഞു കൊടുത്തു. കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് ടൈപ്പ് ചെയ്തു. വായിച്ച നോക്കി, തെറ്റ് തിരുത്തി തുറന്ന കോടതിയിൽ 2025 നവംബർ മാസം 13 ന് വിധി പറഞ്ഞിട്ടുള്ളതാണ്)*

ഗ്രാമന്യായാലയ
പിൻ 688 003

**ന്യായാധികാരി,**
**ഗ്രാമന്യായാലയ, അമ്പലപ്പുഴ**